ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.09.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും.

2. 47-ാമത് സംസ്ഥാന പോലീസ് കായികമേളയുടെ സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

3. കനത്ത ചൂടിനു ശേഷം സംസ്ഥാനത്ത് ഇന്നു മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്; ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത.

4. വരൾച്ചാ ഭീഷണിയുടെ പശ്ചാത്തലത്തിൽ ഒന്നാം വിള കൃഷിക്ക് ജലസേചനമൊരുക്കാൻ പാലക്കാട്ടെ വാളയാർ, മീങ്കര ഡാമുകൾ ഇന്ന് തുറക്കും.

5. ആത്മഹത്യയുമായി ബന്ധപ്പെട്ട മുൻവിധികൾ മാറ്റുക എന്ന പ്രമേയവുമായി ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം.

6. വനിതാ ഏഷ്യാകപ്പ് ക്രിക്കറ്റ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

RNU TVPM

## ഉപതെരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയം ഭരണ വാർഡുകളിൽ ഈ മാസം 28-ന് ഉപതെരഞ്ഞെടുപ്പ് നടക്കും. ഇന്നു ഉച്ചയ്ക്ക് ശേഷം മൂന്നു മണി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന നാളെ നടക്കും. 14-ാം തീയ്യതിയാണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. കൊച്ചി, കോഴിക്കോട് കോർപറേഷനുകളിലേയും തിരുവനന്തപുരം,കോട്ടയം, പാലക്കാട് ജില്ലാ പഞ്ചായത്തുകളിലേയും ഓരോ വാർഡുകളിലും വിവിധ ജില്ലകളിലായി മൂന്നു മുനിസിപ്പൽ വാർഡുകളിലും ഏഴു ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും 23 ഗ്രാമ പഞ്ചായത്ത് വാർഡുകളിലുമാണ് 28-ന് ഉപ തെരഞ്ഞെടുപ്പു നടക്കുന്നത്.

❄❄❄❄❄❄❄❄❄❄❄❄❄

## പോലീസ് മീറ്റ് - മുഖ്യമന്ത്രി

47-ാമത് സംസ്ഥാന പോലീസ് കായികമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം. ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ വൈകുന്നേരം നടക്കുന്ന സമാപനച്ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ മുഖ്യാതിഥിയാകും. ഇന്നലെ നടന്ന 26 കായികയിനങ്ങളിൽ നിന്ന് 99 പോയിൻറോടെ ഇന്ത്യ റിസർവ് ബറ്റാലിയൻ മുന്നിലെത്തിയിരുന്നു. ചാമ്പ്യൻഷിപ് സ്വന്തമാക്കാൻ അവസാനദിനമായ ഇന്ന നടക്കുന്ന മത്സരങ്ങൾ നിർണായകമാണ്.

RNUTVPM

❄❄❄❄❄❄❄❄❄❄❄❄❄

## മഴയ്ക്ക് സാധ്യത

മൂന്നു ദിവസമായി തുടരുന്ന കനത്ത ചൂടിനു ശേഷം കേരളത്തിൽ ഇന്നു മഴയ്ക്ക് സാധ്യത. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെയും മറ്റന്നാളും നാലു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം ജില്ലയിലെ തീര പ്രദേശത്ത് ഇന്ന് രാവിലെ മുതൽ നാളെ രാവിലെ വരെ ഉയർന്ന തിരമാലകൾക്കും

കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

❄❄❄❄❄❄❄❄❄❄❄❄❄

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ കാർഷിക മേഖല വരൾച്ചാ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ വാളയാർ, മീങ്കര ഡാമുകൾ തുറക്കാൻ തീരുമാനം. ആയക്കട്ട് പ്രദേശത്തെ ഒന്നാം വിള കൃഷിക്കായാണ് ഡാമുകൾ തുറക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄

## തിരുവഞ്ചൂർ രാധാകൃഷ്ണൻ

കോട്ടയം നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന്റെ ഭാഗമായി നഗരത്തിന് ചുറ്റുമുള്ള സമാന്തര റോഡുകളെ ബന്ധിപ്പിച്ച് റിങ് റോഡ് സംവിധാനം നടപ്പിലാക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. സമാന്തര റോഡുകൾ പരസ്പരം കണക്ട് ചെയ്യുന്നതിലൂടെ നഗരത്തിലെ തിരക്ക് വലിയ രീതിയിൽ കുറയ്ക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄

## ഹവിൽദാർ അബ്ദുൾ ഹമീദ്

പരമവീരചക്ര ജേതാവ് കമ്പനി ക്വാർട്ടർമാസ്റ്റർ ഹവിൽദാർ അബ്ദുൾ ഹമീദിന്റെ രക്തസാക്ഷിത്വ ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള. 1965-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ അസാമാന്യ ധീരതയും പോരാട്ടവീര്യവും പ്രകടിപ്പിച്ച അബ്ദുൾ ഹമീദ് രാജ്യത്തിനായി പരമോന്നത ത്യാഗം അനുഷ്ഠിച്ചതായി അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ശൗര്യവും ത്യാഗവും സൈന്യത്തിന്റെ മഹത്തായ പാരമ്പര്യത്തെ

സമ്പന്നമാക്കിയെന്നും രാജ്യം എക്കാലവും അദ്ദേഹത്തെ സ്മരിക്കുമെന്നും ലോക്സഭാ സ്പീക്കർ പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄

## സൈനികൻ മരിച്ചു

കഴിഞ്ഞ ദിവസം അന്തരിച്ച ഇന്ത്യൻ സൈനികൻ മിഥിലാജിന്റെ ഭൗതികശരീരം ഔദ്യോഗിക ബഹുമതികളോടെ ഖബറടക്കി. ഇന്നലെ രാത്രി എട്ടു മണിയോടെയാണ് ഭൗതിക ദേഹം സ്വന്തം വീട്ടിലെത്തിച്ചത്. തിരുവമ്പാടി എം.എൽ.എ സി.കെ. കാസിം ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ആദരാഞ്ജലികൾ അർപ്പിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄

## കെ.കുഞ്ഞിക്കണ്ണൻ

മുതിർന്ന മാധ്യമപ്രവർത്തകനും ജന്മഭൂമി തിരുവനന്തപുരം റസിഡൻറ് എഡിറ്ററുമായ കെ.കുഞ്ഞിക്കണ്ണൻ അന്തരിച്ചു. 72 വയസ്സായിരുന്നു. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന വൈസ് പ്രസിഡണ്ട്, തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട്, കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ് ചെയർമാൻ, കണ്ണൂർ പ്രസ്സ് ക്ലബ്ബ് സെക്രട്ടറി, സെൻസർ ബോർഡ് അംഗം, ടെലികോം അഡ്വൈസറി ബോർഡ് അംഗം, പത്രപ്രവർത്തക അക്രഡിറ്റേഷൻ കമ്മിറ്റി അംഗം എന്നീ പദവികൾ വഹിച്ചു. യുവജനത കണ്ണൂർ ജില്ലാ സെക്രട്ടറി, സംസ്ഥാന സമിതിയംഗം യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി, അധ്യക്ഷൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

❄❄❄❄❄❄❄❄❄❄❄❄❄

## ജെ പി നഡ്ഡ

കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗെബ്രിയേസസുമായി കൂടിക്കാഴ്ച നടത്തി. കിഴക്കൻ തിമോറിൽ നടന്ന തെക്കുകിഴക്കൻ ഏഷ്യയ്ക്കായുള്ള WHO റീജിയണൽ കമ്മിറ്റിയുടെ 79-ാമത് സമ്മേളനത്തിനിടെയായിരുന്നു കൂടിക്കാഴ്ച . മാതൃ-ശിശു ആരോഗ്യം, ഉൾപ്പെടെ ആരോഗ്യരംഗത്ത് ഇന്ത്യ കൈവരിച്ച

RIUTVPM

ശ്രദ്ധേയമായ നേട്ടങ്ങളെ ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ അഭിനന്ദിച്ചു. ഗർഭധാരണം മുതൽ കൗമാരകാലം വരെ അമ്മമാർക്കും കുട്ടികൾക്കും പിന്തുണ നൽകിക്കൊണ്ട്, ജനങ്ങളുടെ അടുത്തേക്കെത്തി ആരോഗ്യസേവനങ്ങൾ എത്തിക്കുന്നതിന് ഇന്ത്യയിലെ ആശ പ്രവർത്തകർ മികച്ചൊരു ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

❇❇❇❇❇❇❇❇❇❇❇❇❇

## ആത്മഹത്യാ പ്രതിരോധ ദിനം (ഇൻട്രോ)

ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം. ആത്മഹത്യയെക്കുറിച്ചുള്ള മുൻവിധികൾ മാറ്റുക എന്നതാണ് ഈ വർഷത്തെ പ്രമേയം.

**ദിനാചരണത്തെക്കുറിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ.അരുൺ ബി നായർ ആകാശവാണി വാർത്തകളോട്**

**(വോയ്സ്)**

RNU TVPM

❇❇❇❇❇❇❇❇❇❇❇❇❇

## തൂഫാൻ

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 16.895 കിലോ കഞ്ചാവുമായി രണ്ടുപേരെ എറണാകുളം ഹിൽപാലസ് പൊലീസ് പിടികൂടി. തൃപ്പൂണിത്തുറ ഇരുമ്പനം ചോയ്സ് ടവറിന് സമീപത്തെ ഹ്യുണ്ടായി ഷോറൂമിന്റെ പാർക്കിങ് ഏരിയയിൽ നിർത്തിയിട്ടിരുന്ന മാരുതി സ്വിഫ്റ്റ് ഡിസയർ കാറിന്റെ ഡിക്കിയിൽനിന്നാണ് എട്ട് പാക്കറ്റുകളിലായി സൂക്ഷിച്ചിരുന്ന കഞ്ചാവ് പിടികൂടിയത്. എറണാകുളം പോണേക്കര സ്വദേശി ഷഹീർ പി.വൈ, പശ്ചിമ ബംഗാൾ സ്വദേശി മെഹബൂബ് മുർഷിദ് എന്നിവരാണ് അറസ്റ്റിലായത്.

❇❇❇❇❇❇❇❇❇❇❇❇❇

## അഞ്ചരകണ്ടി ദന്തൽ കോളേജ്

കണ്ണൂർ അഞ്ചരകണ്ടി ദന്തൽ കോളേജിലെ ബി.ഡി.എസ്. വിദ്യാർഥി നിതിൻ രാജ് ആത്മഹത്യചെയ്ത സംഭവത്തിൽ

ഒന്നാംപ്രതി കോളേജ് പാത്തോളജിവിഭാഗം മുൻ മേധാവി ഡോ. എം.കെ.റാമിന് കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. എസ്. സി., എസ്ടി. കേസ് കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതിയാണ് ജാമ്യം അനുവദിച്ചത്. അഞ്ചു ലക്ഷം രൂപയുടെ ബോണ്ട്, രണ്ട് ജാമ്യക്കാരിൽ ഒരാൾ ബന്ധു വായിരിക്കണം, കോളേജിൽ പ്രവേശിക്കാനോ സാക്ഷികളെ കാണാനോ പാടില്ല എന്നീ ഉപാധികളോടെ ആണ് ജാമ്യം.

❄❄❄❄❄❄❄❄❄❄❄❄❄

## വനിതാ ക്രിക്കറ്റ്

വനിതാ ഏഷ്യാകപ്പ് ക്രിക്കറ്റിൽ ഏഴു വട്ടം ചാമ്പ്യൻമാരായ ഇന്ത്യ സെമിഫൈനൽ പോരാട്ടത്തിന് ഇറങ്ങുന്നു. ഇന്ന് രാത്രി എട്ട് മണിക്ക് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശാണ് എതിരാളികൾ.

❄❄❄❄❄❄❄❄❄❄❄❄❄

## ഏഷ്യാ കപ്പ് ഹോക്കി

ചൈനയിലെ മോഖിയിൽ നടക്കുന്ന ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ചൈനീസ് തായ്പേയിയെ 15-0ന് തകർത്ത് ഇന്ത്യൻ പുരുഷ ടീം സെമിഫൈനലിൽ. 10 പോയിന്റുമായി പൂൾ എയിൽ ഇന്ത്യ ഒന്നാമതെത്തി.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄

## യു.എസ്. ഓപ്പൺ

യു.എസ്. ഓപ്പൺ ടെന്നീസ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം .നാളെ നടക്കുന്ന വനിതാ സിംഗിൾസ് സെമിയിൽ ലോക ഒന്നാം നമ്പർ താരം ആര്യന സബെലങ്ക പഗുളയെയും അമേരിക്കയുടെ കൊക്കോ ഗൗഫ് ലോക രണ്ടാം നമ്പർ താരം റൈ ബാക്കിനയെയും നേരിടും. തുടർന്ന് നടക്കുന്ന പുരുഷ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം അലക്സാണ്ടർ സ്വെരേവ് റഷ്യയുടെ കാചനോവിനെയും അമേരിക്കയുടെ ടയാഫോയെ ബെൻ ഷെൽട്ടനെയും നേരിടും

❄❄❄❄❄❄❄❄❄❄❄❄❄

## സി.പിഎം സംസ്ഥാന കമ്മറ്റി യോഗം

സി.പിഎം വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗം ഈ മാസം 13,14,15 തിയ്യതികളിൽ കോഴിക്കോട് നടക്കുമെന്ന് സി പി എം സംസ്ഥാന സെക്രട്ടറിയേറ്റംഗം പി എ മുഹമ്മദ് റിയാസ് വാർത്ത സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്ക് പുറമെ 14 ജില്ലകളിൽ നിന്നുമുള്ള ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങൾ, ഉൾപ്പെടെ 300 ൽ പരം പേർ യോഗത്തിൽ പങ്കെടുക്കും. 15 ന് വൈകുന്നേരം കോഴിക്കോട് ബീച്ചിലെ "ഫ്രീഡം സ്ക്വയറിൽ" നടക്കുന്ന സമാപന സമ്മേളനത്തിൽ സി.പി.ഐ (എം) ജനറൽ സെക്രട്ടറി എം.എ.ബേബി, പോളിറ്റ് ബ്യൂറോ അംഗം പിണറായി വിജയൻ തുടങ്ങിയവർ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄

## വയനാട് - മൃതദേഹം

വയനാട് വന്യജീവി സങ്കേതത്തിൽ മൃതദേഹം കണ്ടെത്തി. കുറിച്യാട് റെയ്ഞ്ചിൽ പെടുന്ന വളാഞ്ചേരിക്കുന്ന് വനമേഖലയിലാണ് ഇന്ന് അജ്ഞാത മൃതദേഹം കണ്ടത്.

❄❄❄❄❄❄❄❄❄❄❄❄❄

## കടുവയുടെ ആക്രമണം

വയനാട് നൂൽപ്പുഴ വള്ളുവാടിയിൽ വളർത്തുമൃഗങ്ങൾക്ക് നേരെ കടുവയുടെ ആക്രമണം. പ്രദേശവാസിയായ പൂളക്കൽ മുഹമ്മദിൻ്റെ രണ്ട് ആടുകള കടുവ പിടികൂടി കൊണ്ടു പോയി. പ്രദേശത്ത് കഴിഞ്ഞ ദിവസങ്ങളിൽ കടുവയെ കണ്ടിരുന്നു. വനം വകുപ്പ് കടുവയ്ക്കായി തിരച്ചിൽ ആരംഭിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄

## കടലാമ

കൊല്ലം ഇരവിപുരം തീരക്കടലിൽ മൂന്ന് കടലാമകളെ ചത്തനിലയിൽ കണ്ടെത്തി. വള്ളക്കാർ വിവരമറിയിച്ചതിനെത്തുടർന്ന് കോസ്റ്റൽ പോലീസും, വനംവകുപ്പ് ഉദ്യോഗസ്ഥരുമെത്തി ആമകളുടെ മൃതദേഹം പരിശോധിച്ചശേഷം നാട്ടുകാരുടെ സഹായത്തോടെ കുഴിച്ചിട്ടു. ആമകൾ ചത്ത സംഭവത്തിൽ

RNUTVPM

വിശദമായ പരിശോധന വേണമെന്ന് മത്സ്യത്തൊഴിലാളി സമൂഹം ആവശ്യപ്പെട്ടു.

RNU TVPM